പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2562 **28-10-2026-ൽ മറുപടിയ്ക്ക്**

അട്ടപ്പാടിയിലെ അപ്പാരൽ പാർക്ക്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീമതി കെ. കെ. രമ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) അട്ടപ്പാടിയിലെ അപ്പാരൽ പാർക്ക് പദ്ധതി ആരംഭിച്ചതെന്നാണെന്നും പദ്ധതിക്കായി ആകെ എത്ര രൂപയാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കാമോ;

മറുപടി: 2018-19 സാമ്പത്തിക വർഷത്തിൽ സർക്കാർ അനുമതിയോടെ അട്ടപ്പാടിയിലെ തൊഴിൽ രഹിതരായ 261 പട്ടികവർഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്ര നിർമ്മാണത്തിൽ പരിശീലനം നൽകുകയും പരിശീലനം പൂർത്തിയാക്കിയ 194 വനിതകളെ ഉൾപ്പെടുത്തി വസ്ത്ര നിർമ്മാണ യൂണിറ്റ് "ATAP - Attappady Tribal Apparel Park" എന്ന സൊസൈറ്റിയായി 07/03/2019-ൽ സ്ഥാപിച്ച് 29/07/2019-മുതൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. പരിശിലീനത്തിനായി 255 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

പ്രസ്തുത സ്ഥാപനം അഗളിയിൽ മിനി സിവിൽ സ്റ്റേഷന്റെ മുകളിലെ നിലയിൽ 25 ലക്ഷം രൂപ ചെലവിൽ താത്കാലികമായി നിർമ്മിച്ച വസ്ത്ര നിർമ്മാണ യൂണിറ്റിൽ 80 തയ്യൽ മെഷീനുകൾ സ്ഥാപിച്ച് പ്രവർത്തന സജ്ജമാക്കിയിരുന്നു. വകുപ്പിന്റെ കീഴിലുള്ള എം.ആർ.എസ്/ഹോസ്റ്റലുകളിലെ യൂണിഫോം തുന്നുന്നതിനുള്ള അനുമതി സർക്കാർ നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ യൂണിഫോം, കോവിഡ് കാലയളവിൽ മാസ്ക് എന്നിവ നിർമ്മിച്ചു നൽകുകയും ചെയ്തിരുന്നു.

അപ്പാരൽ പാർക്ക് എന്ന താത്കാലിക കെട്ടിടം നവീകരിക്കുന്നതിനായി 25 ലക്ഷം രൂപയും തയ്യൽ മെഷീൻ, മറ്റ അനുബന്ധ സാമഗ്രികൾ എന്നിവ വാങ്ങുന്നതിനായി 65.85163 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 90.85163 ലക്ഷം രൂപയാണ് ഇതിനോടകം ചെലവഴിച്ചിട്ടുള്ളത്.

(ബി) അപ്പാരൽ പാർക്ക് പ്രവർത്തനമാരംഭിച്ച ശേഷം എത്ര നാളാണ് പ്രവർത്തിച്ചതെന്നും ഇതിന്റെ പ്രവർത്തനം നിലയ്ക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ;

മറുപടി: 29/07/2019-ൽ പ്രവർത്തനം ആരംഭിച്ച ടി സ്ഥാപനം 2023-24 മുതൽ നാളിതുവരെ പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

തൊഴിൽരഹിതരായ ആദിവാസികൾക്ക് വിതരണം ചെയ്യാൻ അനുവദിച്ച ഭൂമിയിൽ ഉൾപ്പെട്ട VFC 1054/9 സർവേ നമ്പറിലുള്ളതും അപ്പാരൽ പാർക്കിനായി അനുവദിച്ച 1.5 ഹെക്ടർ ഭൂമിയിൽ മരങ്ങൾ മുറിക്കുന്നതിനും കെട്ടിടം നിർമിക്കുന്നതിനും വനം വകുപ്പ് അനുമതി നിഷേധിച്ച സാഹചര്യത്തിലാണ് പദ്ധതി അടിയന്തരമായി ആരംഭിക്കുന്നതിനായി അട്ടപ്പാടി മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിന്റെ

മൂന്നാം നിലയിൽ മെറ്റൽ ഷീറ്റ് മേൽക്കൂര നിർമിച്ച് അപ്പാരൽ പാർക്കിന്റെ പ്രവർത്തനം ആരംഭിച്ചത്. അപ്പാരൽ പാർക്കിൽ നിലവിൽ 80 തയ്യൽ മെഷീനുകളും 6 എംബ്രോയ്ഡറി മെഷീനുകളും പ്രവർത്തനത്തിനായി ലഭ്യമാണ്. നിലവിൽ മെഷീനുകൾക്ക് ചെറിയ തകരാറുകൾ ഉണ്ട്.

സ്വന്തമായി സൗകര്യപ്രദമായ കെട്ടിടത്തിന്റെ അഭാവവും, Fire & Safety, Pollution Control Board, KSEB എന്നീ വകുപ്പുകളുടെ NOC ലഭിച്ചിട്ടില്ലാത്തതിനാലും ടി പദ്ധതിയുടെ പ്രവർത്തനം 2022-23 മുതൽ മന്ദഗതിയിലാണ്.

(സി) ആയത് വീണ്ടും തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും ഇതിനായി എത്ര തുകയാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കാമോ;

മറുപടി: നിലവിലുള്ള കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും സ്ഥാപനം പ്രവർത്തിപ്പിക്കാൻ അപര്യാപ്തമാണ്. നിലവിലെ കെട്ടിടത്തിൽ Fire & Safety സംവിധാനങ്ങളില്ല. കൂടാതെ Pollution Control Board, Factories & Boilers, KSEB എന്നീ വകുപ്പുകളുടെ അനുമതിയും ആവശ്യമാണ്. ബന്ധപ്പെട്ട വകുപ്പുകളുടെ NOC ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ മിനി സിവിൽ സ്റ്റേഷനിൽ സ്ഥാപനം താൽക്കാലികമായി പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ NOC മണ്ണാർക്കാട് തഹസിൽദാരിൽ നിന്ന് ലഭിച്ചിട്ടുണ്ട്

(ഡി) അട്ടപ്പാടിയിലെ അപ്പാരൽ പാർക്ക് പദ്ധതി സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തെല്ലാമാണ്; അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

മറുപടി: ഉണ്ട്. അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് **അനുബന്ധമായി** ഉള്ളടക്കം ചെയ്യുന്നു.

(ഇ) അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദാംശം ലഭ്യമാക്കുമോ?

മറുപടി: വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വകുപ്പുതല ആഭ്യന്തര കമ്മിറ്റി രൂപീകരിച്ചു. ടി കമ്മിറ്റി പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

'CORRUPTION, A CRIME AGAINST NATION'
ഭരണദ്രോഷ മാതൃദ്രോഷ

150 YEARS OF CELEBRATING THE MAHATMA

ഡയറക്ടറേറ്റ്,
വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
ഇമെയിൽ : vig.vacb@kerala.gov.in
ഫോൺ : 04712305398
തീയതി. 13-02-2026

നമ്പർ.E12-(SC-115/2023/PKD)49388/2023/DVACB

പ്രേഷകൻ

ഡയറക്ടർ
വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം

സ്വീകർത്താവ്

അഡീഷണൽ ചീഫ് സെക്രട്ടറി,
വിജിലൻസ് വകുപ്പ്,
കേരള സർക്കാർ,
തിരുവനന്തപുരം

സർ,

വിഷയം: SC -115/2023/PKD പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിൽ പട്ടിക വർഗ്ഗ യുവതികൾക്കായി നടത്തിയ തയ്യൽ പരിശീലനത്തിലെയും അപ്പാരൽ പാർക്ക് എന്ന പേരിൽ തുടങ്ങിയ സ്ഥാപനത്തിലെയും ക്രമക്കേടുകളുമായി ബന്ധപ്പെട്ട് നടത്തിയ മിന്നൽ പരിശോധന - സംബന്ധിച്ച്,

സൂചന : 12.05.1992 ലെ ജി.ഒ.(പി) 65/92/വിജി നമ്പർ സർക്കാർ ഉത്തരവ്.

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും ശ്രദ്ധക്ഷണിക്കുന്നു.

സംസ്ഥാന പട്ടിക വർഗ്ഗ വികസന വകുപ്പ് മുഖാന്തിരം പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിൽ പട്ടിക വർഗ്ഗ യുവതികൾക്കായി നടത്തിയ തയ്യൽ പരിശീലനത്തിലെയും അപ്പാരൽ പാർക്ക് എന്ന പേരിൽ തുടങ്ങിയ സ്ഥാപനത്തിലെയും ക്രമക്കേടുകളുമായി ബന്ധപ്പെട്ട് 30.11.2023 തീയതിയിൽ വി.എ.സി.ബി പാലക്കാട് യൂണിറ്റ് ഒരു മിന്നൽ പരിശോധന നടത്തി. പ്രസ്തുത മിന്നൽ പരിശോധന റിപ്പോർട്ടും അനുബന്ധരേഖകളും സൂക്ഷ്മപരിശോധന നടത്തി ആയതിൻറെ അടിസ്ഥാനത്തിൽ ടി മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ മൂലം സർക്കാരിന് നഷ്ടം ഉണ്ടായിട്ടുണ്ടോയെന്നും , ടി വിഷയത്തിൽ കൂടുതൽ ഉദ്യോഗസ്ഥർക്ക് പങ്കുണ്ടോയെന്നുള്ള കാര്യങ്ങൾ വിശദമായി പരിശോധിക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ ടി വിഷയം സംബന്ധിച്ച് ഒരു പ്രാഥമികാന്വേഷണം നടത്തുന്നതിനായി അഴിമതി നിരോധന നിയമം 17 A പ്രകാരം അനുമതി ലഭിക്കുന്നതിനായി മിന്നൽ പരിശോധന റിപ്പോർട്ടും , SOP പ്രകാരമുള്ള ചെക്ക് ലിസ്റ്റ് മറ്റ് അനുബന്ധരേഖകൾ എന്നിവയും ഇതോടൊപ്പം അയയ്ക്കുന്നു. കത്തും ഉള്ളടക്കവും കൈപ്പറ്റിയ വിവരം അറിയിക്കുവാൻ താൽപ്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ

കാർത്തിക് കെ, ഐ.പി.എസ്.
പോലീസ് ഇൻസ്പെക്ടർ ജനറൽ(i/c)
ഡയറക്ടർക്ക് വേണ്ടി

File No. STDD/3187/2025-E2 (Computer No. 99
Generated from eOffice by Jaseela J, E2_STDD, E2 STDD, DIRECTORATE OF SCHEDULED TRIBES DEVELOPMENT DEPARTMENT on 26/10/2026 11:56 AM

'CORRUPTION, A CRIME AGAINST NATION'
ഭരണഭാഷ മാതൃഭാഷ

ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ
കാര്യാലയം,
വിജിലൻസ് & ആന്റി കറപ്ഷൻ
ബ്യൂറോ,
പാലക്കാട് .
ഇമെയിൽ :
dysppkd.vacb@kerala.gov.in
ഫോൺ : 04912505510

നമ്പർ.SC-115/2023/PKD

തീയതി. 30-12-2024

മിന്നൽ പരിശോധന-റിപ്പോർട്ട് SC 115/2023/PKD

വിഷയം:- സംസ്ഥാന പട്ടികവർഗ്ഗവികസന വകുപ്പ് മുഖാന്തിരം പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിൽ പട്ടികവർഗ്ഗ യുവതികൾക്കായി നടത്തിയ തയ്യൽ പരിശീലനത്തിലെയും അപ്പാരൽ പാർക്ക് എന്ന പേരിൽ തുടങ്ങിയ സ്ഥാപനത്തിലെയും ക്രമക്കേടുകൾ സംബന്ധിച്ച് നടത്തിയ മിന്നൽ പരിശോധന റിപ്പോർട്ട് സമർപ്പണം;

സൂചന 1) നമ്പർ CS1-49388/2023/DVACB dated 23.11.2023.
2) Endt No. CA-136/2023/CRE Dated. 25.11.2023
3) SC 115/2023/PKD.
4) നമ്പർ E1-(SC-115/2023/PKD)11782/2023/CRE dated 23-09-2024

---

1) **ആരോപണം സംബന്ധിച്ച വിശദാംശം:**

സംസ്ഥാന പട്ടികവർഗ്ഗവികസന വകുപ്പ് മുഖാന്തിരം പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിൽ 261 പട്ടികവർഗ്ഗ യുവതികൾക്കായി ഒരു കോടി എൺപത്തിനാല് ലക്ഷം രൂപ മുടക്കി ആധുനികരീതിയിലുള്ള വസ്ത്ര നിർമ്മാണത്തിനായി 6 മാസത്തെ പരിശീലനം ഒരുവർഷമായി ദീർഘിപ്പിച്ച് നൽകുകയും കോഴ്സ് കഴിഞ്ഞെങ്കിലും സർട്ടിഫിക്കറ്റുകൾ നൽകിയിട്ടില്ല എന്നും ടി കോഴ്സിന് ശേഷം ഒരു കോടിയിലധികം രൂപ മുതൽമുടക്കി തയ്യൽമഷിൻ വാങ്ങി അട്ടപ്പാടി ടൈബൽ അപ്പാരൽ പാർക്ക് എന്ന പേരിൽ സൊസൈറ്റി ടി യൂണിറ്റ് നടത്തിയതായും ആദ്യഘട്ടപ്രവർത്തനമായി അഗളിയിലെ 192 ഊരുകളിലേക്കും മാസ്ക് തുന്നി നൽകുകയും പ്രീമെട്രിക് ഹോസ്റ്റലുകളിലേക്ക് യൂണിഫോം തുന്നി നൽകുകയും ചെയ്തതിന് ശേഷം ടി അപ്പാരൽ

File No. STDD/3187/2025-E2 (Computer No. 99362)
Generated from eOffice by Jaseela J, E2_STDD, E2 SECTION, DIRECTORATE OF SCHEDULED TRIBES DEVELOPMENT DEPARTMENT on 26/10/2026 11:56 AM

പാർക്ക് പ്രവർത്തിക്കാതെ ഒരുകോടിയിലധികം രൂപ മുടക്കിയ സംരഭം തയ്യൽമെഷീനുകൾ ഉപയോഗശൂന്യമായി പ്രവർത്തിപ്പിക്കാതെ നശിച്ചുപോകുന്ന അവസ്ഥയിലുള്ളതുമാണ് എന്നുമാണ് പരിശോധനക്ക് ആധാരമായ ആരോപണവിഷയം.

ആരോപണവിഷയത്തിൽ SC 115/2023/PKD പ്രകാരം മിന്നൽ പരിശോധന നടത്തുന്നതിനായി ബഹു വിജിലൻസ് ആൻറ് ആൻറി കറപ്ഷൻ ബ്യൂറോ ഡയറക്ടർ അവർകളുടെ സൂചന 1 പ്രകാരമുള്ള ഉത്തരവനുസരിച്ച് ഗസറ്റഡ് ഉദ്യോഗസ്ഥനായ പാലക്കാട് പൊതുമരാമത്ത് റോഡ്സ് വിഭാഗത്തിലെ കുമരംപുത്തൂരിലെ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. എം.ശശിധരൻ എന്നയാളുടെ സഹായത്തോടുകൂടി പാലക്കാട് അട്ടപ്പാടി ഐ.ടി.ഡി.പി ഓഫീസിലും അട്ടപ്പാടി അപ്പാരൽ പാർക്കിലും 30.11.2023 തിയ്യതി 11.30 മണി മുതൽ 16.30 മണി വരെ മിന്നൽ പരിശോധന നടത്തിയിട്ടുള്ളതുമാണ്.

2) <u>മിന്നൽ പരിശോധനയുടെ ഉദ്ദേശം:</u>

പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിൽ പട്ടികവർഗ്ഗ യുവതികൾക്കായി ആധുനികരീതിയിലുള്ള വസ്ത്ര നിർമ്മാണത്തിനായി പരിശീലനം നൽകിയതു സംബന്ധിച്ചും ആയതിന് സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ടോ എന്നും ടി കോഴ്സിന് ശേഷം ഒരു കോടിയിലധികം രൂപ മുതൽമുടക്കി തയ്യൽമഷിൻ വാങ്ങി അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക് എന്ന പേരിൽ തുടങ്ങിയ സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ എന്നു പരിശോധിക്കുകയാണ് മിന്നൽ പരിശോധനയുടെ ഉദ്ദേശം.

3)<u>ആരോപണ വിധേയരായവരുടെ വിവരങ്ങൾ</u>:

അട്ടപ്പാടി ഐ.ടി.ഡി.പി പ്രൊജക്ട് ഓഫീസർ ശ്രീ. കെ.കൃഷ്ണപ്രകാശ്, PEN: 178953 D/B: 03/03/1969 (നിലവിൽ പട്ടികവർഗ്ഗ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എജ്യുക്കേഷൻ, തിരുവനന്തപുരം) 15.03.2018 തിയ്യതി മുതൽ 25.09.2019 തിയ്യതി വരെ അട്ടപ്പാടി ഐ.ടി.ഡി.പി പ്രൊജക്ട് ഓഫീസറുടെ ചുമതല വഹിച്ചു.

4) <u>പരിശോധിച്ച രേഖകളുടെ വിവരങ്ങൾ</u> :

1) അട്ടപ്പാടി ഐ.ടി.ഡി.പി പ്രൊജക്ട് ഓഫീസിലെ B2-685/2018 നമ്പർ ഫയൽ

5) <u>വെളിവായ വസ്തുതകൾ</u>

മിന്നൽ പരിശോധന സമയം അട്ടപ്പാടി ഐ.ടി.ഡി.പി ഓഫീസിലെ പ്രൊജക്ട് ഓഫീസർ ശ്രീ. വി.കെ.സുരേഷ് കുമാർ, അസിസ്റ്റന്റ് പ്രൊജക്ട് ഓഫീസർ ശ്രീ. സാദിക്കലി.കെ.എ എന്നിവരോട് ചോദിച്ചതിലും അട്ടപ്പാടി അപ്പാരൽ പാർക്ക് സംബന്ധിച്ച ഫയൽ പരിശോധിച്ചതിലും പ്രൊജക്ട് ഓഫീസർ കാണിച്ചുതന്നതായ അട്ടപ്പാടി അപ്പാരൽ പാർക്ക് പരിശോധിച്ചതിലും താഴെ പറയുന്ന കാര്യങ്ങൾ അറിവായിട്ടുള്ളതാണ്.

File No. STDD/3187/2025-E2 (Computer No. 98362)
Generated from eOffice by Jaseela J, E2_STDD, STDD DEPARTMENT on 26/10/2026 11:56 AM

പാലക്കാട് ജില്ലയിൽ അട്ടപ്പാടി ബ്ലോക്കിൽ പട്ടികവർഗ്ഗ യുവതികൾക്ക് ആധുനികരീതിയിലുള്ള വസ്ത്രനിർമ്മാണ പരിശീലനം നൽകി ടി മേഖലയിൽ ജോലി സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി 6 മാസത്തെ പരിശീലന പരിപാടി നടത്തുന്നതിന് സർക്കാർ ഉത്തരവ് (ആർ.റ്റി)നം. 194/2018/പജപവവിവ തിയ്യതി 31.01.2018 പ്രകാരം 255.00 ലക്ഷം രൂപക്ക് സർക്കാർ ഭരണാനുമതി ഉത്തരവായതായും ആയത് പ്രകാരം വസ്ത്രനിർമ്മാണ പരിശീലനത്തിനായി പത്രദ്വാരാ അപേക്ഷകൾ ക്ഷണിച്ചതായും ആയതനുസരിച്ച് ലഭിച്ച പ്രൊജക്ട് പ്രൊപ്പോസലുകളിൽ നിന്നും തൃശ്ശൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്സ്റ്റൈൽസ് എന്ന സ്ഥാപനത്തെ തിരഞ്ഞെടുത്തതായും തുടർന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്സ്റ്റൈൽസ് എന്ന സ്ഥാപനത്തിന്റ പ്രൊപ്രൈറ്റർ ശ്രീമതി. ശാന്തി.പി എന്നവരും തമ്മിൽ 20.02.2018 തിയ്യതി മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിങ് (MoU) കരാർ നടപ്പിലാക്കിയതായും കണ്ടിട്ടുള്ളതാണ്.

പ്രസ്തുത കരാർ പ്രകാരം ട്രെയിനികൾക്ക് പരിശീലനം നൽകുന്നതിനും പരിശീലന യന്ത്ര സാമഗ്രികൾ വാടകക്ക് എടുക്കുന്നതിനും പരിശീലന സാമഗ്രികളും തുണിത്തരങ്ങളും വാങ്ങുന്നതിനും ട്രെനേർസിന് ഫീസ് നൽകുന്നതിനും, ട്രെയിനികൾക്ക് സ്റ്റൈപ്പന്റ് നൽകുന്നതിനും ട്രെയിനികൾക്ക് ഗതാഗതസൗകര്യം, ഭക്ഷണം എന്നിവ ഏർപ്പാടാക്കുന്നതും, ഫാക്ടറി വിസിറ്റ്, സ്ഥാപനത്തിന്റ പരിശീലനഫീസ്, ട്രെയിനിങ് ഹാൾ വാടക, വൈദ്യുതി, വാട്ടർചാർജ്ജ് എന്നിവക്കുമായി കരാറിൽ ഏർപ്പെട്ടതായും കാണുന്നു. ട്രെയിനിങ് 6 മാസത്തിനുളളിൽ പൂർത്തിയാക്കുന്നതിനും പൂർത്തീയാക്കിയ മുറക്ക് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, പെർഫോമൻസ് റിപ്പോർട്ട്, ഡോക്യുമെന്റേഷൻ സിഡി തുടങ്ങിയവ സമർപ്പിക്കുന്നതിനും ട്രെയിനിങ് ഹാളിൽ സിസിടിവി ക്യാമറ സ്ഥാപിക്കുന്നതിനും ട്രെയിനിങ്ങിന് ശേഷം പ്രൊഡക്ഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിനും ട്രെയിനികൾക്ക് ഒരുവർഷ കാലത്തേക്ക് തയ്യാറാക്കുന്ന ഉൽപ്പന്നങ്ങൾ മാർക്കറ്റ് ചെയ്യുന്നതിന് ആവശ്യമായ സപ്പോർട്ടും നൽകുന്നതിനും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്സ്റ്റൈൽസ് എന്ന സ്ഥാപനത്തിന് കരാർ പ്രകാരം ബാധ്യത ഉളളതായും കരാറിൽ പ്രതിപാദിച്ച് കാണുന്നു. ആയതിൽ പട്ടികവർഗ്ഗ വികസന ഡയറക്ടർ പത്രപരസ്യം മുഖേന പദ്ധതിയെ കുറിച്ച് ജനങ്ങളെ അറിയിച്ച് ഇന്റർവ്യൂ നടത്തിയും പരിശീലനാർത്ഥികളെ തിരഞ്ഞെടുക്കണമെന്നും ഗഡുക്കളായി ട്രെയിനിങ് സ്ഥാപനത്തിന് തുകനൽകണമെന്നും ക്ലാസ്സ് റൂമും സൗകര്യങ്ങളും പരിശോധനക്കണമെന്നും സംസ്ഥാനതല, ജില്ലാതല മോണിറ്ററിംഗ് കമ്മറ്റി രൂപീകരിച്ച് പദ്ധതി മോണിറ്റർ ചെയ്യണമെന്നും നിബന്ധനകൾ ഉളളതായു കാണുന്നു. കൂടാതെ ജനറൽ നിബന്ധനകളിൽ 4-മതായി പദ്ധതി ലക്ഷ്യമിട്ടതായ പരിശീലനാർത്ഥികളിൽ എണ്ണത്തിൽ കുറവുണ്ടായാൽ തതുല്യമായ തുക ട്രെയിനിങ് ഏജൻസി സർക്കാരിലേക്ക് റീഫണ്ട് ചെയ്യാൻ ബാധ്യതയുണ്ട് എന്നുംകണ്ടിട്ടുള്ളതാണ്.

ടി കരാർ പ്രകാരം പട്ടികവർഗ്ഗ ഡയറക്ടറുടെ 20.02.2018 തിയ്യതിയിലെ ഉത്തരവ് നമ്പർ. പി.എം1. 16634/17 പ്രകാരം ആദ്യഗഡു 54.04 ലക്ഷം രൂപ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്സ്റ്റൈൽസ് എന്ന സ്ഥാപനത്തിന് നൽകിയതായുംകണ്ടിട്ടുള്ളതാണ്.

File No. STDD/3187/2025-E2 (Computer No. 99362)
Generated from eOffice by Jaseela J, E2_STDD, TRIBAL DEVELOPMENT DEPARTMENT on 26/10/2026 11:56 AM

ടി പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് ബഹു പ്രിൻസിപ്പൽ സെക്രട്ടറിയിൽ നിന്നും പട്ടികവർഗ്ഗ ഡയറക്ടർക്ക് 21.08.2018 തിയ്യതി പ്രകാരം നൽകിയ ഉത്തരവിൽ ടി പദ്ധതി നടത്തിപ്പിനായി സ്വകാര്യ ഏജൻസിയെ തിരഞ്ഞെടുത്തകാര്യത്തിൽ പോരായ്മയുണ്ടെങ്കിൽ ആയത് പരിശോധിച്ച് വ്യക്തതവരുത്തിയ അനുബന്ധ കരാറിൽ ഏർപ്പെടുന്നതിനും ട്രെയിനികൾക്കുള്ള പരിശീലനത്തിനുള്ള തുണിത്തരം മുതലായ സാമഗ്രികൾ വാങ്ങുമ്പോഴും മത്സരാധിഷ്ഠിത പ്രക്രിയ പാലിക്കേണ്ടതും ടി പർച്ചേസ് ചെയ്ത സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തണമെന്നും വാങ്ങുന്ന സാധനങ്ങളുടെ കണക്കുകൾ വ്യക്തമായി സൂക്ഷിക്കണമെന്നും ട്രെയിനികൾക്ക് മെറ്റീരിയൽ വിതരണം ചെയ്യുമ്പാൾ ആയതിന്റെ കണക്കുകൾ സൂക്ഷിക്കണമെന്നും ട്രെയിനികൾ പ്രായോഗിക പരിശീലനം ചെയ്ത് തയ്യാറാക്കുന്ന ഉൽപന്നങ്ങളുടെ കണക്കും ആയത് ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് ധാരണ ഉണ്ടാവണമെന്നും ടികാര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനും പദ്ധതിയുടെ ഏകോപനത്തിനും മേൽനോട്ടത്തിനുമായി വകുപ്പിലെ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതും ഐടിഡിപി പ്രൊജക്ട് ഓഫീസർ ആഴ്ചയിൽ ഒരുതവണ പദ്ധതി പ്രവർത്തനം വിലയിരുത്തുന്നതിനും പട്ടികവർഗ്ഗ വികസന ഡയറക്ടർ എല്ലാ മാസവും പദ്ധതി അവലോകന ചെയ്യണമെന്നും നിർദ്ദേശം ഉള്ളതായും കണ്ടിട്ടുള്ളതാണ്.

ടി ഉത്തരവ് പ്രകാരം ഐടിഡിപി പ്രൊജക്ട് ഓഫീസറുടെ ഉത്തരവ് നമ്പർ ബി-2-655/2018 തിയ്യതി 04/10/2018 പ്രകാരം ഷോളയൂർ ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസറെ പദ്ധതി മേൽനോട്ടത്തിനും സർക്കാർനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്നും പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി ചുമതലപ്പെടുത്തിയതായും കണ്ടിട്ടുള്ളതാണ്. ആയതനുസരിച്ച് ഷോളയൂർ ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ ട്രെയിനിങ് സ്ഥലം സന്ദർശിച്ച് വിവിധ ദിവസങ്ങളിലായി ഐടിഡിപി പ്രൊജക്ട് ഓഫീസർക്ക് അപ്പാരൽ പാർക്കിന്റെ പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതായും ടി റിപ്പോർട്ടുകളിലെല്ലാം തന്നെ പരിശീലനം നടത്തുന്ന പരിശീലനാർത്ഥികളുടെ എണ്ണത്തിൽ വളരെ കുറവ് രേഖപ്പെടുത്തി കാണുന്നതും ട്രെയിനികൾക്ക് വാഹനസൗകര്യം ഏർപ്പാടാക്കുന്നില്ല എന്നും ഭക്ഷണം നല്ലതല്ല എന്ന് ട്രെയിനികൾ പരാതി പറയുന്നതായും മെറ്റീരിയൽ സ്റ്റോക്ക് രജിസ്റ്റർ രേഖപ്പെടുത്തുന്നതിനും ട്രെയിനികൾക്ക് അനുവദിക്കുന്ന മെറ്റീരിയൽസ് രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും ആവർത്തിച്ചുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതായും കണ്ടിട്ടുള്ളതാണ്. എന്നാൽ ആയത് പരിഹരിക്കുന്നതിന് ട്രെയിനിങ് നൽകുന്ന ഏജൻസി നടപടികൾ സ്വീകരിച്ചതായൊ ആയത് പരിഹരിക്കുന്നതിന് ചുമതലപ്പെട്ട പ്രൊജക്ട് ഓഫീസർ നടപടികൾ സ്വീകരിച്ചതായൊ കാണുന്നില്ല.

മാത്രമല്ല ട്രെയിനിങ് കാലയളവിൽ കരാർ പ്രകാരമുള്ള ട്രാൻസ്പോർട്ടേഷൻ സൗകര്യങ്ങൾ യാതൊന്നും നൽകിയിരുന്നില്ല എന്നും ഭക്ഷണ സൗകര്യം ഗുണനിലവാരം പുലർത്തിയിരിന്നില്ല എന്നും ടി ട്രെയിനിങ്ങിൽ പങ്കെടുത്തതായ പരിശീലനാർത്ഥികളിൽ ചിലരോട് ചോദിച്ചതിൽ പറഞ്ഞിട്ടുള്ളതുമാണ്. എന്നാൽ ടി ആവർത്തിച്ചുള്ള കത്തുകൾ ഇരിക്കെ ആയത് അവഗണിച്ചും ടി കാര്യം റിപ്പോർട്ട് ചെയ്യാതെയും ഐടിഡിപി പ്രൊജക്ട് ഓഫീസർ ടി ഏജൻസിക്ക് അവസാന ഗഡു വരെ ഒരോ ഗഡുക്കളും അനുവദിച്ച നൽകുന്നതിനും ശുപാർശ ചെയ്തകൊണ്ട് കത്ത്

File No. STDD/3187/2025-E2 (Computer No. 99362)
Generated from eOffice by Jaseela J, E2_STDD, TRIBAL DEVELOPMENT DEPARTMENT on 26/10/2026 11:56 AM

നൽകിയിട്ടുള്ളതായും കണ്ടിട്ടുള്ളതാണ്.

പ്രസ്തുത ടെയിനിങ്ങ് നൽകിയ ഏജൻസിക്ക് ടെയിനിങ് തുടങ്ങുന്നതിന് മുമ്പ് ആദ്യ ഗഡു ആയി 54.04 ലക്ഷം രൂപയും രണ്ടാം ഗഡുവായി 04.09.2018 തിയ്യതി 65,29,973/- രൂപയും മൂന്നാം ഗഡുവായി 21.01.2019 തിയ്യതി 65,29,973/- രൂപയും റീടെൻഷൻ തുകയായി പെന്റിങ്ങിലുണ്ടായിരുന്ന 2 % തുകയായ 5,10,000/- രൂപ 24.05.2019 തിയ്യതിയും ഏജൻസിക്ക് അനുവദിച്ചതായും ടി ടെയിനിങ്ങിൽ ഉടനീളം ടെയിനികൾക്ക് ടെയിനിങ് സെന്ററിലേക്ക് വന്നു പോകാൻ യാതൊരു ട്രാൻസ്പോർട്ടേഷനും നൽകിയിട്ടില്ല എന്നിരിക്കെയും ആയതിന് ടൈബൽ എക്സ്റ്റെൻഷൻ ഓഫീസറുടെ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും എന്നാൽ ആയതിനും ടെയിനിങ് ഏജൻസി നടത്തിയ മറ്റു ക്രമക്കേടുകൾക്കും യാതൊരു വിധ നടപടിയും കൂടാതെ ടി ഏജൻസിക്ക് ഭരണാനുമതി പ്രകാരം അനുവദിച്ച് തുക ഗഡുക്കളായി നൽകുന്നതിന് ഐ.ടി.ഡി.പി പ്രൊജക്ട് ഓഫീസർ ശുപാർശ കത്ത് നൽകിയിട്ടുള്ളതായും ആയതിൽ ഗതാഗതസൗകര്യം ഏർപ്പാടാക്കത്തതും സംബന്ധിച്ചും ടെയിനിങ് ഏജൻസി അനാസ്ഥകൾ കാണിക്കുന്നതും ചൂണ്ടികാണിച്ചിട്ടുള്ളതായും ടി ശുപാർശ കത്ത് അനുസരിച്ച് ഡയറക്ടർ ടെയിനിങ് ഏജൻസിക്ക് ടി ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ അടക്കമുള്ള തുക മുഴുവനായും റീടെൻഷൻ തുകയും അനുവദിച്ചതായും ഫയൽ പരിശോധിച്ചതിൽ കണ്ടിട്ടുള്ളതാണ്.

പ്രസ്തുത പരിശീലനം 6 മാസം കൊണ്ടു 150 ക്ലാസ്സുകൾ തീർക്കാൻ നിർദ്ദേശമുള്ളതായി കാണുന്നുണ്ടെങ്കിലും 2018 ജൂലൈയ് മാസത്തിൽ തുടങ്ങി 10 മാസം കൊണ്ട് 180 പ്രവർത്തി ദിനങ്ങൾ 2019 മെയ് മാസത്തിൽ ടി പരിശീലനം പൂർത്തിയാക്കിയിട്ടുള്ളതായും തുടർന്ന് 03.07.2019 തിയ്യതി സൊസൈറ്റി രജിസ്ട്രേഷൻ നിയമ പ്രകാരം PKD/CA/247/2019 ആയതി അട്ടപ്പാടി ടൈബൽ അപ്പാരൽ പാർക്ക് (ATAP) എന്ന പേരിൽ സൊസൈറ്റി സ്ഥാപിക്കുകയും ചെയ്തിട്ടുള്ളതായും എന്നാൽ ടി സെസൈറ്റിക്ക് ഓഫീസോ മറ്റു ബിൽഡിങ്ങുകളോ ഉള്ളതായി അറിവായിട്ടില്ല എന്നും കാണുന്നുണ്ട്.

തുടർന്ന് ടി ടെയിനികൾക്ക് തൊഴിൽ നൽകുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് അട്ടപ്പാടിയിൽ അപ്പാരൽ പാർക്ക് എന്ന പേരിൽ പ്രൊഡക്ഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിനായി തീരുമാനിച്ചതു പ്രകാരം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്സ്റ്റൈൽസ് എന്ന സ്ഥാപനത്തിൽ നിന്നും ആയതിന് 13000 ചതുരശ്ര അടി ബിൽഡിങ് സൗകര്യം ആവശ്യമാണെന്ന് അറിയിക്കുകയും ടി ബിൽഡിങിന് ജില്ലാ നിർമ്മിതി കേന്ദ്രത്തിൽ നിന്നും 1,70,63,000/- രൂപയുടെ എസ്റ്റിമേറ്റ് നൽകുകയും ടി സ്ഥാപനത്തിന് മെഷിനറി സ്ഥാപിക്കുന്നതിനായി 58,50,000/- രൂപയുടെ എസ്റ്റിമേറ്റ്റ്റ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്സ്റ്റൈൽസ് എന്ന സ്ഥാപനത്തിൽ നിന്നും ലഭിച്ചതായും ആയതനുസരിച്ച് സർക്കാർ GO (Rt)No.51/2019/SCSTD dtd 10.01.2019 പ്രകാരം ഒന്നരകോടി രൂപ ഭരണാനുമതി നൽകിയതായും കാണുന്നു.

ടി ഉത്തരവ് പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ ഉത്തരവ് നം പി.എം.1.16634/17 തിയ്യതി 29.01.2019 തിയ്യതി ആയി ടി പദ്ധതിയിലേക്ക് ആദ്യഘട്ടമെന്ന

File No. STDD/3187/2025-E2 (Computer No. 99362)
Generated from eOffice by Jaseela J, E2_STDD, [illegible] on 26/10/2026 11:56 AM

നിലയിൽ 25 ലക്ഷം രൂപ അനുവദിച്ച് ഉത്തരവായിട്ടുള്ളതായും കാണുന്നു. ടി സ്ഥാപനം നിർമ്മിക്കുന്നതിന് സർക്കാർ നിർദ്ദേശമനുസരിച്ച് ഒറ്റപ്പാലം സബ് കളക്ടറുടെ ഉത്തരവ് നമ്പർ എ.1-791/2019 തിയ്യതി 13.02.2019 പ്രകാരം പട്ടികവർഗ്ഗക്കാരുടെ പൊതു ആവശ്യത്തിനായി നീക്കിവച്ചിരിന്ന വനഭൂമിയിൽ നിന്നും അഗളി വില്ലേജിലെ സർവ്വേ നമ്പർ 1054 ൽ ഉൾപ്പെട്ടതുമായി 1.51 ഏക്കർ ഭൂമി അനുവദിച്ചുകൊണ്ട് ഉത്തരവായതായും കണ്ടിട്ടുള്ളതാണ്.

ആയതനുസരിച്ച് ടി അപ്പാരൽ പാർക്ക് സ്ഥാപിക്കുന്നതിനുള്ള കെട്ടിട നിർമ്മാണത്തിനായി ജില്ലാ നിർമ്മിതിയുമായി ഐ.ടി.ഡി.പി പ്രൊജക്ട് ഓഫീസർ 28.02.2019 തിയ്യതി 1,70,63,000/- രൂപക്ക് 12 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാനുള്ള കരാറിൽ ഏർപ്പെടുകയും ചെയ്തതായി കണ്ടിട്ടുള്ളതാണ്. ടി കരാർ പ്രകാരം ജില്ലാ നിർമ്മിത കേന്ദ്രം ആദ്യഘട്ടപ്രവൃത്തിയിൽ കെട്ടിടത്തിന് അനുദിച്ച സ്ഥലത്തിൽ മണ്ണുനീക്കം ചെയ്ത് അടിത്തറ കെട്ടിയതായി കാണിച്ച് 26.03.2019 തിയ്യതി ഐ.ടി.ഡി.പി പ്രൊജക്ട് ഓഫീസർക്ക് പാർട്ട് ബിൽ സമർപ്പിച്ചതായും ആയതനുസരിച്ച് ഐ.ടി.ഡി.പി പ്രൊജക്ട് ഓഫീസർ ആദ്യഘട്ട തുക 25 ലക്ഷം രൂപ ജില്ലാ നിർമ്മിതിക്ക് 17.04.2019 തിയ്യതി അനുവദിച്ചു കൊടുത്തതായും കാണുന്നു. എന്നാൽ ആയതിന് അനുവദിച്ച സ്ഥലത്തിൽ ഇത്തരത്തിൽ അടിത്തറ കെട്ടിയിട്ടില്ല എന്നുള്ള കാര്യം പരിശോധനയിൽഅറിവായിട്ടുള്ളതുമാണ്.

പരിശീലനം പൂർത്തിയാക്കിയവർക്ക് തൊഴിൽ നൽകുന്നതിന്റെ ഭാഗമായി അട്ടപ്പാടി ടൈബൽ അപ്പാരൽ പാർക്കിന്റെ താൽക്കാലിക പ്രവർത്തനത്തിനായി അട്ടപ്പാടി മിനി സിവൽ സ്റ്റേഷനിലെ റൂഫ് ടോപ്പ് മണ്ണാർക്കാട് തഹസിൽദാർ ഡി2-7223/2010 തിയ്യതി 22/08/2019 ആയി അനുവദിച്ചു നൽകിയിട്ടുള്ളതായും ആയതു പ്രകാരം 29.07.2019 തിയ്യതി മുതൽ ടൈബൽ സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായുള്ള യൂണിഫോം തയ്യ നൽകുകയും ആയതിന് അടിസ്ഥാന സൗകര്യം ഒരുക്കി കൊടുത്ത ടെയിനിങ് ഏജൻസിക്ക് മെഷിനറികളും അനുബന്ധ സാമഗ്രികളും വാടകക്ക് എടുത്ത ഇനത്തിൽ 13,91,500/- രൂപ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്സ്റ്റൈൽസ് എന്ന സ്ഥാപനം ആവശ്യപ്പെട്ടതായും കണ്ടിട്ടുള്ളതാണ്. ടി അധികതുക 32 ലക്ഷം രൂപയും പ്രാരംഭ നടപടികൾക്കായി ചിലവാക്കിയ 13,91,500/- രൂപയും ചെലവഴിച്ച കാര്യത്തിന് 25.10.2019 തിയ്യതിയിൽ ടി പദ്ധതി ഓഡിറ്റ് ചെയ്ത ഓഡിറ്റ് ഓഫീസർ ഒബ്ജക്ഷൻ ഉന്നയിച്ചതായും കണ്ടിട്ടുള്ളതാണ്.

തുടർന്ന് ടി പരിശീലനം നേടിയവരിൽ ചിലരെ നേരിൽ കണ്ടും ഫോണിൽ വിളിച്ചും ചോദിച്ചതിൽ ടി പരിശീലനം നടത്തിയെങ്കിലും ആയതിന് വാഹന ഗതാഗത സൗകര്യം ടെയിനിങ് കാലത്ത് ലഭിച്ചിട്ടില്ല എന്നും ഭക്ഷണത്തിൽ പോരായ്മകൾ ഉണ്ടായിരിന്നതായും ടെയിനികളിൽ പലർക്കും സ്റ്റൈപ്പന്റ് ലഭിച്ചിട്ടില്ല എന്നും ടി പരിശീലനം നടത്തിയതിന് സർട്ടിഫിക്കറ്റുകൾ ലഭിച്ചിട്ടില്ല എന്നുംപറഞ്ഞിട്ടുള്ളതുമാണ്.

തുടർന്ന് പരിശീലനം പൂർത്തിയാക്കിയവർക്ക് തൊഴിൽ നൽകുന്നതിന്റെ ഭാഗമായി അട്ടപ്പാടി ടൈബൽ അപ്പാരൽ പാർക്കിന്റെ താൽക്കാലിക പ്രവർത്തനത്തിനായി അട്ടപ്പാടി മിനി

File No. STDD/3187/2025-E2 (Computer No. 99262)
Generated from eOffice by Jaseela J, E2_STDD, E2 STDD, GREST BRANCH OF SCHEDULED TRIBES DEVELOPMENT DEPARTMENT on 26/10/2026 11:56 AM

സിവൽ സ്റ്റേഷനിലെ മൂന്നാം നിലയിൽ 86 തയ്യൽ മെഷിനുകൾ രണ്ടു ഘട്ടമായി 80 മെഷീന് 47,29,984/- രൂപയും അനുബന്ധ ഉപകരണങ്ങൾക്ക് 15,20,000/- രൂപയും ടെണ്ടർ നടപടികൾക്കു ശേഷം M/S അപ്പാരൽ മെഷീൻ ട്രേഡിങ് എന്ന കമ്പനി മുഖേന സ്ഥാപിച്ചതായും ടി മെഷീനുകൾ സ്ഥലപരിശോധന നടത്തിയ സമയം ശരിയായി കാണപ്പെട്ടിട്ടുള്ളതുമാണ്. ടി സ്ഥാപനത്തിന്റെ ജോയിന്റ് സെക്രട്ടറി ശ്രീമതി. സുമ എന്നവരെ നേരിൽ കണ്ട് ചോദിച്ചതിൽ ടി സ്ഥാപനം ആദ്യഘട്ടത്തിലെ യൂണിഫോം സ്റ്റിച്ച് ചെയ്തതും കോളനികളിലുള്ളവർക്ക് മാസ്ക് നിർമ്മാണവും നടത്തിയ ശേഷം തുടർപ്രവർത്തനങ്ങൾ നടത്തിയിട്ടില്ല എന്ന് അറിയിച്ചിട്ടുള്ളതുമാണ്.

സ്ഥലപരിശോധന നടത്തിയ സമയം ടി സ്ഥാപനം തുടർപ്രവർത്തനം നിലച്ച നിലയിലും പ്രാവുകൾ കൂട് കൂട്ടിയ നിലയിലും ടി വിലയേറിയ യന്ത്രങ്ങൾ ഉപയോഗശൂന്യമായ നിലയിലും കാണപ്പെടുന്നു. മണ്ണാർക്കാട് തഹസിൽദാറുടെ ഉത്തരവ് നമ്പർ ഡി2-7223/2010 തിയ്യതി 22/08/2019 പ്രകാരം ടി സ്ഥാപനത്തിന്റ സംരക്ഷണ ചുമതല പ്രൊജക്ട് ഓഫീസറിൽ നിക്ഷിപ്തമായിട്ടുള്ളതായും ടി സ്ഥാപനം സെസൈറ്റിക്ക് കൈമാറിയതായോ സൊസൈറ്റി ഏറ്റെടുത്തതായോ രേഖകൾ ഫയലിൽ ലഭ്യമല്ല എന്നും കാണപ്പെട്ടിട്ടുള്ളതാണ്.

5) കണ്ടെത്തിയ ക്രമക്കേടുകൾ

1. പട്ടികവർഗ്ഗ വിഭാഗത്തിലുള്ള യുവതികൾക്ക് ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണ പരിശീലനം നൽകിയ കാലയളവിൽ ടെയിനികളുടെ എണ്ണം പകുതിയോളം മാത്രമാണ് ഉണ്ടായിരുന്നത് എന്ന് ടൈബൽ എക്സ്റ്റെൻഷൻ ഓഫീസർ റിപ്പോർട്ട് ചെയ്തതായി കണ്ടിട്ടുള്ളതാണ്. എന്നാൽ ടെയിനിങ് ഏജൻസിയുമായുള്ള കരാറിൽ ജനറൽ വിഭാഗത്തിൽ 4-ാമതായി പദ്ധതി ലക്ഷ്യമിട്ടതായ പരിശീലനാർത്ഥികളിൽ എണ്ണത്തിൽ കുറവുണ്ടായാൽ തതുല്യമായ തുക ടെയിനിങ് ഏജൻസി സർക്കാരിലേക്ക് റീഫണ്ട് ചെയ്യാൻ ബാധ്യസ്ഥതയുണ്ട് എന്നുള്ള വ്യവസ്ഥ പ്രകാരം ടി ഹാജരില്ലാത്ത പരിശീലനാർത്ഥികളുടെ തുക സർക്കാരിലേക്ക് തിരികെ അടവാക്കിയതായി കാണുന്നില്ല.
2. ടെയിനിങ്ങിൽ ഉടനീളം ടെയിനികൾക്ക് ടെയിനിങ് സെന്ററിലേക്ക് വന്നു പോകാൻ യാതൊരു ട്രാൻസ്പോർട്ടേഷനും നൽകിയിട്ടില്ല എന്നതു സംബന്ധിച്ചും ടെയിനിങ് ഏജൻസി അനാസ്ഥകാണിക്കുന്നത് ചൂണ്ടികാണിച്ചും ടൈബൽ എക്സ്റ്റെൻഷൻ ഓഫീസർ പ്രൊജക്ട് ഓഫീസർക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതായും എന്നാൽ ടി ഏജൻസിക്ക് ഭരണാനുമതി പ്രകാരം അനുവദിച്ച തുക ഗഡുക്കളായി നൽകുന്നതിന് ശുപാർശ ചെയ്തുകൊണ്ട് ഐ.ടി.ഡി.പി പ്രൊജക്ട് ഓഫീസർ പട്ടികവർഗ്ഗവികസന വകുപ്പ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുള്ളതായും ടി ശുപാർശ കത്ത് അനുസരിച്ച് ഡയറക്ടർ ടെയിനിങ് ഏജൻസിക്ക് ടി ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ അടക്കമുള്ള തുക മുഴുവനായും റീടെൻഷൻ തുകയും അടക്കം അനുവദിച്ചതായും ഫയൽ പരിശോധിച്ചതിൽ കണ്ടിട്ടുള്ളതാണ്.
3. അപ്പാരൽപാർക്ക് നിർമ്മാണത്തിനായി ആദ്യഘട്ടപ്രവൃത്തിയിൽ കെട്ടിടത്തിന് അനുദിച്ച സ്ഥലത്തിൽ മണ്ണുനീക്കം ചെയ്ത് അടിത്തറ കെട്ടിയതായി കാണിച്ച് ജില്ലാ നിർമ്മിത

File No. STDD/3187/2025-E2 (Computer No. 99362)
Generated from eOffice by Jaseela J, E2_STDD, [illegible] on 26/10/2026 11:56 AM

കേന്ദം 26.03.2019 തിയ്യതി ഐ.ടി.ഡി.പി പ്രൊജക്ട് ഓഫീസർക്ക് പാർട്ട് ബിൽ സമർപ്പിച്ചതായും ആയതനുസരിച്ച് ഐ.ടി.ഡി.പി പ്രൊജക്ട് ഓഫീസർ ടി നിർമ്മാണ പ്രവൃത്തി കൃത്യമായി ചെയ്തിട്ടുണ്ടോ എന്നത് പരിശോധിക്കാതെയും ആയതു സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ ശേഖരിക്കാതെയും ആദ്യഘട്ട തുക 25 ലക്ഷം രൂപ ജില്ലാ നിർമ്മിതിക്ക് 17.04.2019 തിയ്യതി അനുവദിച്ചു കൊടുത്തതായും കാണുന്നു. എന്നാൽ ആയതിന് അനുവദിച്ച സ്ഥലത്തിൽ ഇത്തരത്തിൽ അടിത്തറ കെട്ടിയിട്ടില്ല എന്നുള്ള കാര്യം പരിശോധനയിൽ അറിവായിട്ടുള്ളതുമാണ്.

4. പരിശീലനം നടത്തിയ സമയം ട്രെയിനികൾക്ക് പരിശീലനത്തിനായി നൽകിയ തുണിത്തരങ്ങളുടെ കൃത്യമായ കണക്ക് ട്രെയിനിങ് ഏജൻസി സൂക്ഷിക്കാതെ കാണപ്പെട്ടത് ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കെ ടി തുക ഏജൻസിക്ക് അനുവദിച്ചു കൊടുത്തതായി ഫയൽ പരിശോധനയിൽ കണ്ടിട്ടുള്ളതാണ്
5. താൽകാലികമായി സ്ഥാപിച്ച അപ്പാരൽ പാർക്ക് സ്ഥലപരിശോധന നടത്തിയ സമയം ടി സ്ഥാപനം തുടർപ്രവർത്തനം നിലച്ച നിലയിലും പ്രാവുകൾ കൂട് കൂട്ടിയ നിലയിലും ടി വിലയേറിയ തുന്നൽ മെഷീനുകൾ ഉപയോഗശൂന്യമായ നിലയിലും കാണപ്പെട്ടിട്ടുള്ളതാണ്.

6) ആരോപിതരായവരുടെ വിശദീകരണം.

2018 ൽ ഉണ്ടായ പ്രളയം പരിശീലനാർത്ഥികളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടാകാൻ കാരണമായി എന്നും പരിശീലനാർത്ഥികൾക്ക് ഷോളയൂർ പുതൂർ എന്നീ റിമോർട്ട് ഏരിയയിൽ നിന്നും വരുന്നതിന് വാഹന സൗകര്യം ഏർപ്പാടാക്കിയിരുന്നതായും അല്ലാത്തവർക്ക് യാത്രാ ബത്ത നൽകിയിരുന്നതായും അട്ടപ്പാടി ട്രൈബൽ പാർക്ക് സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള സ്ഥലമെടുപ്പ് പൂർത്തിയായശേഷം അപ്പാരൽ പാർക്കിന്റെ ആദ്യഘട്ട നിർമ്മാണത്തിനായി 25 ലക്ഷം രൂപ വകുപ്പിൽ നിന്നും അനുവദിക്കുകയും ആയത് നിർമ്മിതി കേന്ദ്രക്ക് കൈമാറുകയും ചെയ്തിരുന്നതായും ആയതിന്റെ ബിൽ ട്രഷറിയിലേക്ക് സബ്മിറ്റ് ചെയ്തത് ടിയാനാണെന്നും ബില്ലിൽ നിർമ്മിതി കേന്ദ്രയുടെ എക്സിക്യൂട്ടിവ് സെക്രട്ടറിയും എഞ്ചിനിയറും പ്രാരംഭ നടപടികൾ പൂർത്തിയായി എന്നാണ് രേഖപ്പെടുത്തിയിരുന്നതായും എന്നാൽ ആയത് വെരിഫൈ ചെയ്യാൻ ടിയാന് സാധിച്ചിരുന്നില്ല എന്നും പിന്നീട് പ്രാരംഭ നടപടികൾ ആയിട്ടുള്ള ബേസ്മെന്റ് നിർമ്മാണം നിർമ്മിതി നടത്തിയിട്ടില്ല എന്ന വിവരം ടിയാന് അറിയാൻ കഴിഞ്ഞതായും തുടർന്ന് ട്രെയിനിങ് പൂർത്തീകരിച്ച ശേഷം അട്ടപ്പാടി താലൂക്ക് ഓഫീസിന് മുകളിൽ റൂഫ്ടോപ്പിൽ താൽക്കാലികമായി സജ്ജീകരിച്ച അപ്പാരൽ പാർക്കിൽ അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക് സൊസൈറ്റി എന്ന സംഘത്തിൻറെ നേതൃത്വത്തിൽ പ്രവർത്തനം തുടങ്ങിയിരുന്നതായും പറഞ്ഞിട്ടുള്ളതാണ്.

7)ശുപാർശ

പട്ടികവർഗ്ഗവിഭാഗത്തിലെ യുവതികളുടെ ഉന്നമനത്തിനായി നടപ്പിലാക്കിയ തുന്നൽ പരിശീലന പദ്ധതിയിൽ ടി പദ്ധതി നടത്തിപ്പിന് കരാർ നൽകിയ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്

ടെക്സ്റ്റൽസ് എന്ന സ്ഥാപനത്തെ തിരഞ്ഞെടുത്തതും ടി ഏജൻസിക്ക് പദ്ധതി പ്രകാരമുള്ള തുക 255 ലക്ഷം രൂപയും അധിക തുകയും അനുവദിച്ചത് പട്ടികവർഗ്ഗ വികസന ഡയറക്ടറുടെ ഓഫീസിൽ നിന്നാണെന്നും ടി കാര്യങ്ങൾ സംബന്ധിച്ച് അട്ടപ്പാടി ഐടിഡിപി ഓഫീസിൽ ഫയൽ ലഭ്യമല്ല എന്നും മിന്നൽപരിശോധന സമയം വെളിവായിട്ടുള്ളതാണ്. മേൽ കാണിച്ചതായ ക്രമക്കേടുകളിൽ പരിശീലനാർത്ഥികളിൽ എണ്ണത്തിൽ കുറവുണ്ടായതായും എന്നാൽ കരാർ പ്രകാരം തതുല്യമായ തുക ടെയിനിങ് ഏജൻസി സർക്കാരിലേക്ക് റീഫണ്ട് ചെയ്യാത്തു മൂലവും പരിശീലനാർത്ഥികൾക്ക് ഗതാഗതസൗകര്യം ഏർപ്പാടാക്കാതെ ടി കാര്യത്തിന് ബിൽ നൽകിയതു മൂലവും, അപ്പാരൽ പാർക്കിന് അനുവദിച്ച സ്ഥലത്തിൽ നിർമ്മാണം നടത്താതെ തന്നെ ആയതിന് 25 ലക്ഷം രൂപ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് 17.04.2019 തിയ്യതി അനുവദിച്ചു കൊടുത്തതു മൂലവും സർക്കാരിന് നഷ്ടം ഉണ്ടായിട്ടുണ്ടോ എന്നുള്ള കാര്യങ്ങൾ വിശദമായി പരിശോധിക്കുന്നതിനും കൂടാതെ 1 മുതൽ 5 വരെയുള്ള ക്രമക്കേടുകളിൽ കൂടുതൽ ഉദ്യോഗസ്ഥരുടെ പങ്ക് വിശദ പരിശോധനക്ക് വിധേയമാക്കുന്നതിനുമായി ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ അഴിമതി നിരോധന നിയമം 17 (A) പ്രകാരമുള്ള അനുമതിപ്രകാരം മേൽ ക്രമക്കേടുകളിൽ ഒരു പ്രാഥമിക അന്വേഷണം നടത്തുന്നത് അഭികാമ്യമായിരിക്കും എന്ന് ശുപാർശ ചെയ്യുകൊള്ളുന്നു.

അരുൺ പ്രസാദ് എസ്
പോലീസ് ഇൻസ്പെക്ടർ

Generated from eOffice by Jaseela J, E2_STDD, E2 STDD, DIRECTORATE OF SCHEDULED TRIBES DEVELOPMENT DEPARTMENT on 26/10/2026 11:56 AM

സംയുക്ത പരിശോധന റിപ്പോർട്ട്

ഇന്ന് 30.11.2023 തിയ്യതി 11.30 മണിക്ക് പാലക്കാട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ SC 115/2023/PKD നമ്പർ മിന്നൽ പരിശോധനയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ അട്ടപ്പാടി മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ടൈബൽ അപ്പാരൽ പാർക്കിന്റെ പ്രവർത്തനം സംബന്ധിച്ച് അട്ടപ്പാടി ഐ.ടി.ഡി.പി ഓഫീസിൽ വെച്ച് പാലക്കാട് പൊതുമരാമത്ത് റോഡ്സ് വിഭാഗത്തിലെ കുമരംപുത്തൂരിലെ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനിയർ ആയ എം.ശശിധരൻ എന്ന ഞാൻ പാലക്കാട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ യൂണിറ്റിലെ പോലീസ് ഇൻസ്പെക്ടറായ ശ്രീ. അരുൺകുമാർ.എസ് എന്നവരുടെ സാന്നിദ്ധ്യത്തിൽ ഓഫീസ് രേഖകളും മറ്റും പരിശോധിച്ച് മിന്നൽ പരിശോധന നടത്തിയതിലേയ്ക്ക് സ്ഥലത്തു വെച്ച് തയ്യാറാക്കുന്ന സംയുക്ത പരിശോധന റിപ്പോർട്ട്.

പാലക്കാട് വിജിലൻസ് ആൻറ് ആൻറി കറപ്ഷൻ ബ്യൂറോ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ ആവശ്യപ്രകാരം പാലക്കാട് ജില്ല പൊതുമരാമത്ത് നിരത്ത് വിഭാഗം എക്സിക്യൂട്ടിവ് എഞ്ചിനിയറുടെ നിർദ്ദേശമനുസരിച്ച് ഇന്ന് 30.11.2023 തിയ്യതി കാലത്ത് 08.00 മണിക്ക് ഞാൻ പാലക്കാട് വിജിലൻസ് ഓഫീസിൽ ഹാജരായി. ഈ സമയം മിന്നൽ പരിശോധനക്ക് ആധാരമായ കാര്യങ്ങളെ കുറിച്ചും പരിശോധനയിൽ അവലംബിക്കേണ്ട രീതികളെക്കുറിച്ചും പാലക്കാട് വിജിലൻസ് യൂണിറ്റിലെ പോലീസ് ഇൻസ്പെക്ടർ എനിക്കും മറ്റു വിജിലൻസ് ഉദ്യോഗസ്ഥർക്കും വിശദീകരിച്ചു തരുകയുണ്ടായി.

സംസ്ഥാന പട്ടികവർഗ്ഗവികസന വകുപ്പ് മുഖാന്തിരം പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിൽ 261 പട്ടികവർഗ്ഗ യുവതികൾക്കായി ഒരു കോടി എൺപത്തിനാല് ലക്ഷം രൂപ മുടക്കി ആധുനികരീതിയിലുള്ള വസ്ത്ര നിർമ്മാണത്തിനായി 6 മാസത്തെ പരിശീലനം ഒരുവർഷമായി ദീർഘിപ്പിച്ച് നൽകുകയും കോഴ്സ് കഴിഞ്ഞെങ്കിലും സർട്ടിഫിക്കറ്റുകൾ നൽകിയിട്ടില്ല എന്നും ടി കോഴ്സിന് ശേഷം ഒരു കോടിയിലധികം രൂപ മുതൽമുടക്കി തയ്യൽമഷിൻ വാങ്ങി അട്ടപ്പാടി ടൈബൽ അപ്പാരൽ പാർക്ക് എന്ന പേരിൽ സൊസൈറ്റി ടി യൂണിറ്റ് നടത്തിയതായും ആദ്യഘട്ടപ്രവർത്തനമായി അഗളിയിലെ 192 ഊരുകളിലേക്കും മാസ്ക് തുന്നി നൽകുകയും പ്രീമെട്രിക് ഹോസ്റ്റലുകളിലേക്ക് യൂണിഫോം തുന്നി നൽകുകയും ചെയ്തതിന് ശേഷം ടി അപ്പാരൽ പാർക്ക് പ്രവർത്തിക്കാതെ ഒരുകോടിയിലധികം രൂപ മുടക്കിയ സംരഭം തയ്യൽമെഷീനുകൾ

File No. STDD/3187/2025-E2 (Computer No. 99362)

Generated from eOffice by Jaseela J, E2_STDD, E2 STDD, DIRECTORATE OF SCHEDULED TRIBES DEVELOPMENT DEPARTMENT on 26/10/2026 11:56 AM

ഉപയോഗശൂന്യമായി പ്രവർത്തിപ്പിക്കാതെ നശിച്ചുപോകുന്ന അവസ്ഥയിലുള്ളതുമാണ് എന്നുമാണ് ആരോപണ വിഷയം.

തുടർന്ന് ഇന്ന് 30.11.2023 തിയ്യതി കാലത്ത് 08.30 മണിക്ക് ഞാനും പാലക്കാട് വിജിലൻസ് യൂണിറ്റിലെ ഉദ്യോഗസ്ഥരായ പോലീസ് ഇൻസ്പെക്ടർ ശ്രീ.അരുൺപ്രസാദ്.എസ് സബ് ഇൻസ്പെക്ടർമാരായ ശ്രീ. ജോസ് സോളമൻ, SCPO(G) 6190 ബാലകൃഷ്ണൻ.ആർ എന്നിവരുമൊന്നിച്ച് KL-01-BU-574 നമ്പർ ഡിപ്പാർട്ട്മെൻറ് വാഹനത്തിൽ വി.എ.സി.ബി ഓഫീസ്സിൽ നിന്നും പുറപ്പെട്ട് 11.30 മണിയോടെ അട്ടപ്പാടി ഐ.ടി.ഡി.പി ഓഫീസിൽ എത്തിചേർന്നിട്ടുള്ളതുമാണ്. ടി സമയം ഓഫീസിൽ പ്രൊജക്ട് ഓഫീസർ ശ്രീ. വി.കെ.സുരേഷ് കുമാർ, അസിസ്റ്റന്റ് പ്രൊജക്ട് ഓഫീസർ ശ്രീ. സാദിക്കലി.കെ.എ എന്നിവരും മറ്റ് ഓഫീസ് സ്റ്റാഫുകളും ഹാജരുണ്ടായിരുന്നു. ടി പ്രൊജക്ട് ഓഫീസറോട് പോലീസ് ഇൻസ്പെക്ടർ പരിശോധന വിവരങ്ങൾ അറിയിച്ച ശേഷം മിന്നൽ പരിശോധന ആരംഭിച്ചിട്ടുള്ളതും പ്രസ്തുത ഓഫീസിലെ രേഖകൾ പരിശോധിച്ചതിലും പ്രൊജക്ട് ഓഫീസർ കാണിച്ചുതന്നതായ അട്ടപ്പാടി അപ്പാരൽ പാർക്ക് പരിശോധിച്ചതിലും പ്രൊജക്ട് ഓഫീസറോടും അസിസ്റ്റന്റ് പ്രൊജക്ട് ഓഫീസറോടും ടി ഓഫീസിലെ മറ്റ് ഉദ്യോഗസ്ഥരോടും ചോദിച്ചതിലും താഴെ പറയുന്ന കാര്യങ്ങൾ അറിവായിട്ടുള്ളതാണ്.

പാലക്കാട് ജില്ലയിൽ അട്ടപ്പാടി ബ്ലോക്കിൽ പട്ടികവർഗ്ഗ യുവതികൾക്ക് ആധുനികരീതിയിലുള്ള വസ്ത്രനിർമ്മാണ പരിശീലനം നൽകി ടി മേഖലയിൽ ജോല് സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി 6 മാസത്തെ പരിശീലന പരിപാടിക്കായ സർക്കാർ ഉത്തരവ് (ആർ.റ്റി)നം. 194/2018/പജപവവിവ തിയ്യതി 31.01.2018 പ്രകാരം 255.00 ലക്ഷം രൂപക്ക് സർക്കാർ ഭരണാനുമതി ഉത്തരവായതായും ആയത് പ്രകാരം ആയതനുസരിച്ച് വസ്ത്രനിർമ്മാണ പരിശീലനത്തിനായി പത്രദ്വാരാ അപേക്ഷകൾ ക്ഷണിച്ചതായും ആയതനുസരിച്ച് ലഭിച്ച പ്രൊജക്ട് പ്രൊപ്പോസലുകളിൽ നിന്നും തൃശ്ശൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്സ്റ്റൈൽസ് എന്ന സ്ഥാപനത്തെ തിരഞ്ഞെടുത്തതായും ആയതു പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്സ്റ്റൈൽസ് എന്ന സ്ഥാപനത്തിന്റ പ്രൊപ്രൈറ്റർ ശ്രീമതി. ശാന്തി.പി എന്നവരും തമ്മിൽ 20.02.2018 തിയ്യതി മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിങ്ങ് (MoU) കരാർ നടപ്പിലാക്കിയതായും കാണുന്നുണ്ട് ആയതിൽ ടെയിനികൾക്ക് പരിശീലനം നൽകുന്നതിനും പരിശീലന യന്ത്ര സാമഗ്രികൾ വാടകക്കെടുക്കുന്നതിനും പരിശീലന സാമഗ്രികളും തുണിത്തരങ്ങളും

Generated from eOffice by Jaseela J, E2_STDD, E2 STDD, DIRECTORATE OF SCHEDULED TRIBES DEVELOPMENT DEPARTMENT on 26/10/2026 11:56 AM

വാങ്ങുന്നതിനും ടെനേർസിന് ഫീസ് നൽകുന്നതിനും, ട്രെയിനികൾക്ക് സ്റ്റൈപ്പന്റ് നൽകുന്നതിനും ട്രെയിനികൾക്ക് ഗതാഗതസൗകര്യം, ഭക്ഷണം എന്നിവ ഏർപ്പാടാക്കുന്നതും, ഫാക്ടറി വിസിറ്റ്, സ്ഥാപനത്തിന്റ പരിശീലനഫീസ്, ട്രെയിനിങ് ഹാൾ വാടക, വൈദ്യുതി, വാട്ടർചാർജ്ജ് എന്നിവക്കുമായി കരാറിൽ ഏർപ്പെട്ടതായും കാണുന്നു. ട്രെയിനിങ് 6 മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനും പൂർത്തീയാക്കിയ മുറക്ക് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, പെർഫോമൻസ് റിപ്പോർട്ട്, ഡോക്യുമെന്റേഷൻ സിഡി തുടങ്ങിയവ സമർപ്പിക്കുന്നതിനും ട്രെയിനിങ് ഹാളിൽ സിസിടിവി ക്യാമറ സ്ഥാപിക്കുന്നതിനും ട്രെയിനിങ്ങിന് ശേഷം പ്രൊഡക്ഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിനും ട്രെയിനികൾക്ക് ഒരുവർഷ കാലത്തേക്ക് തയ്യാറാക്കുന്ന ഉൽപ്പന്നങ്ങൾ മാർക്കറ്റ് ചെയ്യുന്നതിന് ആവശ്യമായ സപ്പോർട്ടും നൽകുന്നതിനും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്സ്റ്റൈൽസ് എന്ന സ്ഥാപനത്തിന് റോൾ ഉള്ളതായും കരാറിൽ പ്രതിപാദിച്ച് കാണുന്നു. ആയതിൽ പട്ടികവർഗ്ഗ വികസന ഡയറക്ടർ പത്രപരസ്യം മുഖേന പദ്ധതിയെ കുറിച്ച് ജനങ്ങളെ അറിയിച്ച് ഇന്റർവ്യൂ നടത്തിയും പരിശീലനാർത്ഥികളെ തിരഞ്ഞെടുക്കണമെന്നും ഗഡുക്കളായി ട്രെയിനിങ് സ്ഥാപനത്തിന് തുകനൽകണമെന്നും ക്ലാസ്സ് റൂമും സൗകര്യങ്ങളും പരിശോധനക്കണമെന്നും സംസ്ഥാനതല, ജില്ലാതല മോണിറ്ററിംഗ് കമ്മറ്റീ രൂപീകരിച്ച് പദ്ധതി മോണിറ്റർ ചെയ്യണമെന്നും നിബന്ധനകൾ കാണുന്നുണ്ട്. കൂടാതെ ജനറൽ നിബന്ധനകളിൽ 4-മതായി പദ്ധതി ലക്ഷ്യമിട്ടതായ പരിശീലനാർത്ഥികളിൽ എണ്ണത്തിൽ കുറവുണ്ടായാൽ തതുല്യമായ തുക ട്രെയിനിങ് ഏജൻസിക്ക് സർക്കാരിലേക്ക് റീഫണ്ട് ചെയ്യാൻ ബാധ്യസ്ഥതയുണ്ട് എന്നും കാണുന്നുണ്ട്.

ടി കരാർ പ്രകാരം പട്ടികവർഗ്ഗ ഡയറക്ടറുടെ 20.02.2018 തിയ്യതിയിലെ ഉത്തരവ് നമ്പർ. പി.എം1. 16634/17 പ്രകാരം ആദ്യഗഡു 54.04 ലക്ഷം രൂപ നൽകിയതായും കാണുന്നുണ്ട്.

ടി പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് ബഹു പ്രിൻസിപ്പൽ സെക്രട്ടറിയിൽ നിന്നും പട്ടികവർഗ്ഗ ഡയറക്ടർക്ക് 21.08.2018 തിയ്യതി പ്രകാരമുള്ള ഉത്തരവിൽ ടി പദ്ധതി നടത്തിപ്പിനായി സ്വകാര്യ ഏജൻസിയെ തിരഞ്ഞെടുത്തകാര്യത്തിൽ പോരായ്മയുണ്ടെങ്കിൽ ആയത് പരിശോധിച്ച് വ്യക്തതവരുത്തിയ അനുബന്ധ കരാറിൽ ഏർപ്പെടുന്നതിനും ട്രെയിനികൾക്കുള്ള പരിശീലനത്തിനുള്ള തുണിത്തരം മുതലായ സാമഗ്രികൾ വാങ്ങുമ്പോഴും മത്സരാധിഷ്ഠിത പ്രക്രിയ പാലിക്കേണ്ടതും ടി പർച്ചേസ് ചെയ്ത സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പ്

File No. STDD/3187/2025-E2 (Computer No. 99362)
Generated from eOffice by Jaseela J, E2 STDD, E2 STDD, DIRECTORATE OF SCHEDULED TRIBES DEVELOPMENT DEPARTMENT on 26/10/2026 11:56 AM

വരുത്തണമെന്നും വാങ്ങുന്ന സാധനങ്ങളുടെ കണക്കുകൾ വ്യക്തമായി സൂക്ഷിക്കണമെന്നും ട്രെയിനികൾക്ക് മെറ്റീരിയൽ വിതരണം ചെയ്യുമ്പാൾ ആയതിന്റെ കണക്കുകൾ സൂക്ഷിക്കണമെന്നും ട്രെയിനികൾ പ്രായോഗിക പരിശീലനം ചെയ്ത് തയ്യാറാക്കുന്ന ഉൽപന്നങ്ങളുടെ കണക്കും ആയത് ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് ധാരണ ഉണ്ടാവണമെന്നും ടികാര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനും പദ്ധതിയുടെ ഏകോപനത്തിനും മേൽനോട്ടത്തിനുമായി വകുപ്പിലെ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതും ഐടിഡിപി പ്രൊജക്ട് ഓഫീസർ ആഴ്ചയിൽ ഒരുതവണ പദ്ധതി പ്രവർത്തനം വിലയിരുത്തുന്നതിനും പട്ടികവർഗ്ഗ വികസന ഡയറക്ടർ എല്ലാ മാസവും പദ്ധതി അവലോകന ചെയ്യണമെന്നും നിർദ്ദേശം ഉള്ളതായും കാണുന്നുണ്ട്. ടി ഉത്തരവ് പ്രകാരം ഐടിഡിപി പ്രൊജക്ട് ഓഫീസറുടെ ഉത്തരവ് നമ്പർ ബി-2-655/2018 തിയ്യതി 04/10/2018 പ്രകാരം ഷോളയൂർ ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസറെ പദ്ധതി മേൽനോട്ടത്തിനും സർക്കാർനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്നും പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി ചുമതലപ്പെടുത്തിയതായും കാണുന്നുണ്ട്. ആയതനുസരിച്ച് ഷോളയൂർ ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ ട്രെയിനിങ് സ്ഥലം സന്ദർശിച്ച് വിവിധ ദിവസങ്ങളിലായി ഐടിഡിപി പ്രൊജക്ട് ഓഫീസർക്ക് അപ്പാരൽ പാർക്കിന്റെ പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതായും ടി റിപ്പോർട്ടുകളിലെല്ലാം തന്നെ പരിശീലനം നടത്തുന്ന പരിശീലനാർത്ഥികളുടെ എണ്ണത്തിൽ വളരെ കുറവ് രേഖപ്പെടുത്തി കാണുന്നതും ട്രെയിനികൾക്ക് വാഹനസൗകര്യം ഏർപ്പാടാക്കുന്നില്ല എന്നും ഭക്ഷണം നല്ലതല്ല എന്ന് ട്രെയിനികൾ പരാതി പറയുന്നതായും മെറ്റീരിയൽ സ്റ്റോക്ക് രജിസ്റ്റർ രേഖപ്പെടുത്തുന്നതിനും ട്രെയിനികൾക്ക് അനുവദിക്കുന്ന മെറ്റീരിയൽസ് രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും ആവർത്തിച്ചുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതായും കാണുന്നുണ്ട്. എന്നാൽ ആയത് പരിഹരിക്കുന്നതിന് ട്രെയിനിങ് നൽകുന്ന ഏജൻസി നടപടികൾ സ്വീകരിച്ചതായൊ ആയത് പരിഹരിക്കുന്നതിന് ചുമതലപ്പെട്ട് പ്രൊജക്ട് ഓഫീസർ നടപടികൾ സ്വീകരിച്ചതായൊ കാണുന്നില്ല. മാത്രമല്ല ട്രെയിനിങ് കാലയളവിൽ കരാർ പ്രകാരമുള്ള ട്രാൻസ്പോർട്ടേഷൻ സൗകര്യങ്ങൾ യാതൊന്നും നൽകിയിരുന്നില്ല എന്നും ഭക്ഷണ സൗകര്യം ഗുണനിലവാരം പുലർത്തിയിരിന്നില്ല എന്നും ടി ട്രെയിനിങ്ങിൽ പങ്കെടുത്തതായ പരിശീലനാർത്ഥികളിൽ ചിലരോട് ചോദിച്ചതിൽ പറഞ്ഞിട്ടുള്ളതുമാണ്. എന്നാൽ ടി ആവർത്തിച്ചുള്ള കത്തുകൾ ഇരിക്കെ ആയത് അവഗണിച്ചും ടി കാര്യം റിപ്പോർട്ട് ചെയ്യാതെയും ഐടിഡിപി പ്രൊജക്ട്

Generated from eOffice by Jaseela J, E2_STDD, E2 STDD, DIRECTORATE OF SCHEDULED TRIBES DEVELOPMENT DEPARTMENT on 26/10/2026 11:56 AM

ഓഫീസർ ടി ഏജൻസിക്ക് അവസാന ഗഡു വരെ ഒരോ ഗഡുക്കളും അനുവദിച്ച നൽകുന്നതിനും ശുപാർശ ചെയ്യുകൊണ്ട് കത്ത് നൽകിയിട്ടുള്ളതായും കാണുന്നു. ടി ടെയിനിങ്ങ് നൽകിയ ഏജൻസിക്ക് ടെയിനിങ് തുടങ്ങുന്നതിന് മുമ്പ് ആദ്യ ഗഡു ആയി 54.04 ലക്ഷം രൂപയും രണ്ടാം ഗഡുവായി 04.09.2018 തിയ്യതി 65,29,973/- രൂപയും മൂന്നാം ഗഡുവായി 21.01.2019 തിയ്യതി 65,29,973/- രൂപയും റീടെൻഷൻ തുകയായി പെന്റിങ്ങിലുണ്ടായിരുന്ന 2 % തുകയായ 5,10,000/- രൂപ 24.05.2019 തിയ്യതിയും ഏജൻസിക്ക് അനുവദിച്ചതായും ടി ടെയിനിങ്ങിൽ ഉടനീളം ടെയിനികൾക്ക് ടെയിനിങ് സെന്ററിലേക്ക് വന്നു പോകാൻ യാതൊരു ട്രാൻസ്പോർട്ടേഷനും നൽകിയിട്ടില്ല എന്നിരിക്കെയും ആയതിന് ടൈബൽ എക്സ്ടെൻഷൻ ഓഫീസറുടെ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും എന്നാൽ ആയതിനും ടെയിനിങ് ഏജൻസി നടത്തിയ മറ്റ ക്രമക്കേടുകൾക്കും യാതൊരു വിധ നടപടിയും കൂടാതെ ടി ഏജൻസിക്ക് ഭരണാനുമതി പ്രകാരം അനുവദിച്ച് തുക ഗഡുക്കളായി നൽകുന്നതിന് ഐ.ടി.ഡി.പി പ്രൊജക്ട് ഓഫീസർ ശുപാർശ കത്ത് നൽകിയിട്ടുള്ളതായും ആയതിൽ ഗതാഗതസൗകര്യം ഏർപ്പാടാക്കത്തതും സംബന്ധിച്ചും ടെയിനിങ് ഏജൻസി അനാസ്ഥകൾ കാണിക്കുന്നതും ചൂണ്ടികാണിച്ചിട്ടുള്ളതായും ടി ശുപാർശ കത്ത് അനുസരിച്ച് ഡയറക്ടർ ടെയിനിങ് ഏജൻസിക്ക് ടി ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ അടക്കമുള്ള തുക മുഴുവനായും റീടെൻഷൻ തുകയും അനുവദിച്ചതായും ഫയൽ പരിശോധിച്ചതിൽ കാണുന്നുണ്ട്.

തുടർന്ന് 6 മാസം കൊണ്ടു 150 പരിശീലന ക്ലാസ്സുകൾ തീർക്കാൻ നിർദ്ദേശമുള്ള പരിശീലനം 2018 ജൂലൈയ് മാസത്തിൽ തുടങ്ങി 10 മാസം കൊണ്ട് 180 പ്രവർത്തി ദിനങ്ങൾ 2019 മെയ് മാസത്തിൽ ടി പരിശീലനം പൂർത്തിയാക്കിയിട്ടുള്ളതായും തുടർന്ന് 03.07.2019 തിയ്യതി സൊസൈറ്റി രജിസ്ട്രേഷൻ നിയമ പ്രകാരം PKD/CA/247/2019 ആയതി അട്ടപ്പാടി ടൈബൽ അപ്പാരൽ പാർക്ക് (ATAP) എന്ന പേരിൽ സൊസൈറ്റി സ്ഥാപിക്കുകയും ചെയ്തിട്ടുള്ളതായും എന്നാൽ ടി സെസൈറ്റിക്ക് ഓഫീസോ മറ്റ ബിൽഡിങ്ങുകളോ ഉള്ളതായി അറിവായിട്ടില്ല എന്നു കാണുന്നു. തുടർന്ന് ടി ടെയിനികൾക്ക് തൊഴിൽ നൽകുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് അട്ടപ്പാടിയിൽ അപ്പാരൽ പാർക്ക് എന്ന പേരിൽ പ്രൊഡക്ഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിനായി തീരുമാനിച്ചതു പ്രകാരം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്സ്റ്റൈൽസ് എന്ന സ്ഥാപനത്തിൽ നിന്നും ആയതിന് 13000 ചതുരശ്ര അടി ബിൽഡിങ് സൗകര്യം ആവശ്യമാണെന്ന് അറിയിക്കുകയും ടി ബിൽഡിങിന് ജില്ലാ നിർമ്മിതി കേന്ദ്രത്തിൽ നിന്നും 1,70,63,000/- രൂപയുടെ എസ്റ്റിമേറ്റ് നൽകുകയും ടി

File No. STDD/3187/2025-E2 (Computer No. 99362)

Generated from eOffice by Jaseela J, E2_STDD, E2 STDD, DIRECTORATE OF SCHEDULED TRIBES DEVELOPMENT DEPARTMENT on 26/10/2026 11:56 AM

സ്ഥാപനത്തിന് മെഷിനറി സ്ഥാപിക്കുന്നതിനായി 58,50,000/- രൂപയുടെ എസ്റ്റിമേറ്റ്റ്റ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്സ്റ്റൈൽസ് എന്ന സ്ഥാപനത്തിൽ നിന്നും ലഭിച്ചതായും ആയതനുസരിച്ച് സർക്കാർ GO (Rt)No.51/2019/SCSTD dtd 10.01.2019 പ്രകാരം ഒന്നരകോടി രൂപ ഭരണാനുമതി നൽകിയതായും കാണുന്നു. ടി ഉത്തരവ് പ്രകാരം പട്ടികവർഗ്ഗ് വികസന വകുപ്പ് ഡയറക്ടറുടെ ഉത്തരവ് നം പി.എം.1.16634/17 തിയ്യതി 29.01.2019 തിയ്യതി ആയി ടി പദ്ധതിയിലേക്ക് ആദ്യഘട്ടമെന്ന നിലയിൽ 25 ലക്ഷം രൂപ അനുവദിച്ച് ഉത്തരവായിട്ടുള്ളതായും കാണുന്നു. ടി സ്ഥാപനം നിർമ്മിക്കുന്നതിന് സർക്കാർ നിർദ്ദേശമനുസരിച്ച് ഒറ്റപ്പാലം സബ് കളക്ടറുടെ ഉത്തരവ് നമ്പർ എ.1-791/2019 തിയ്യതി 13.02.2019 പ്രകാരം പട്ടികവർഗ്ഗക്കാരുടെ പൊതു ആവശ്യത്തിനായി നീക്കിവച്ചിരിന്ന വനഭൂമിയിൽ നിന്നും അഗളി വില്ലേജിലെ സർവ്വേ നമ്പർ 1054 ൽ ഉൾപ്പെട്ടതുമായി 1.51 ഏക്കർ ഭൂമി അനുവദിച്ചുകൊണ്ട് ഉത്തരവാകയതായും കാണുന്നു.

ആയതനുസരിച്ച് ടി അപ്പാരൽ പാർക്ക് സ്ഥാപിക്കുന്നതിനുള്ള കെട്ടിട നിർമ്മാണത്തിനായി ജില്ലാ നിർമ്മിതിയുമായി ഐ.ടി.ഡി.പി പ്രൊജക്ട് ഓഫീസർ 28.02.2019 തിയ്യതി 1,70,63,000/- രൂപക്ക് 12 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാനുള്ള കരാറിൽ ഏർപ്പെടുകയും ചെയ്തതായി കാണുന്നുണ്ട്. ടി കരാർ പ്രകാരം ജില്ലാ നിർമ്മിത കേന്ദ്രം ആദ്യഘട്ടപ്രവൃത്തിയിൽ കെട്ടിടത്തിന് അനുദിച്ച സ്ഥലത്തിൽ മണ്ണുനീക്കം ചെയ്ത് അടിത്തറ കെട്ടിയതായി കാണിച്ച് 26.03.2019 തിയ്യതി ഐ.ടി.ഡി.പി പ്രൊജക്ട് ഓഫീസർക്ക് പാർട്ട് ബിൽ സമർപ്പിച്ചതായും ആയതനുസരിച്ച് ഐ.ടി.ഡി.പി പ്രൊജക്ട് ഓഫീസർ ആദ്യഘട്ട തുക 25 ലക്ഷം രൂപ ജില്ലാ നിർമ്മിതിക്ക് 17.04.2019 തിയ്യതി അനുവദിച്ചു കൊടുത്തതായും കാണുന്നു. എന്നാൽ ആയതിന് അനുവദിച്ച സ്ഥലത്തിൽ ഇത്തരത്തിൽ അടിത്തറ കെട്ടിയിട്ടില്ല എന്നുള്ള കാര്യം പരിശോധനയിൽ അറിവായിട്ടുള്ളതുമാണ്.

പരിശീലനം പൂർത്തിയാക്കിയവർക്ക് തൊഴിൽ നൽകുന്നതിന്റെ ഭാഗമായി അട്ടപ്പാട് ടൈബൽ അപ്പാരൽ പാർക്കിന്റെ താൽക്കാലിക പ്രവർത്തനത്തിനായി അട്ടപ്പാടി മിനി സിവിൽ സ്റ്റേഷനിലെ റൂഫ് ടോപ്പ് മണ്ണാർക്കാട് തഹസിൽദാർ ഡി2-7223/2010 തിയ്യതി 22/08/2019 ആയി അനുവദിച്ചു നൽകിയിട്ടുള്ളതായും ആയതു പ്രകാരം 29.07.2019 തിയ്യതി മുതൽ ടൈബൽ സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായുള്ള യൂണിഫോം തയ്യ നൽകുകയും ആയതിന് അടിസ്ഥാന സൗകര്യം ഒരുക്കി കൊടുത്ത ടെയിനിങ് ഏജൻസിക്ക് മെഷിനറികളും അനുബന്ധ സാമഗ്രികളും വാടകക്ക് എടുത്ത ഇനത്തിൽ 13,91,500/- രൂപ ഇന്ത്യൻ

Generated from eOffice by Jaseela J, E2_STDD, E2 STDD, DIRECTORATE OF SCHEDULED TRIBES DEVELOPMENT DEPARTMENT on 26/10/2026 11:56 AM

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്സ്റ്റൈൽസ് എന്ന സ്ഥാപനം ആവശ്യപ്പെട്ടതായും കാണുന്നുണ്ട്. ടി അധികതുക 32 ലക്ഷം രൂപയും പ്രാരംഭ നടപടികൾക്കായി ചിലവാക്കിയ 13,91,500/- രൂപയും ചെലവഴിച്ച കാര്യത്തിന് 25.10.2019 തിയ്യതിയിൽ ടി പദ്ധതി ഓഡിറ്റ് ചെയ്ത ഓഡിറ്റ് ഓഫീസർ ഒബ്ജക്ഷൻ ഉന്നയിച്ചതായും കാണുന്നുണ്ട്.

തുടർന്ന് ടി പരിശീലനം നേടിയവരിൽ ചിലരെ നേരിൽ കണ്ടും ഫോണിൽ വിളിച്ചും ചോദിച്ചതിൽ ടി പരിശീലനം നടത്തിയെങ്കിലും ആയതിന് വാഹന ഗതാഗത സൗകര്യം ടെയിനിങ് കാലത്ത് ലഭിച്ചിട്ടില്ല എന്നും ഭക്ഷണത്തിൽ പോരായ്മകൾ ഉണ്ടായിരിന്നതായും ടെയിനികളിൽ പലർക്കും സ്റ്റൈപ്പന്റ് ലഭിച്ചിട്ടില്ല എന്നും ടി പരിശീലനം നടത്തിയതിന് സർട്ടിഫിക്കറ്റുകൾ ലഭിച്ചിട്ടില്ല എന്നും പറഞ്ഞിട്ടുള്ളതുമാണ്.

തുടർന്ന് പരിശീലനം പൂർത്തിയാക്കിയവർക്ക് തൊഴിൽ നൽകുന്നതിന്റെ ഭാഗമായി അട്ടപ്പാടി ടൈബൽ അപ്പാരൽ പാർക്കിന്റെ താൽക്കാലിക പ്രവർത്തനത്തിനായി അട്ടപ്പാടി മിനി സിവൽ സ്റ്റേഷനിലെ മൂന്നാം നിലയിൽ 86 തയ്യൽ മെഷിനുകൾ രണ്ടു ഘട്ടമായി 80 മെഷീന് 47,29,984/- രൂപയും അനുബന്ധ ഉപകരണങ്ങൾക്ക് 15,20,000/- രൂപയും ടെണ്ടർ നടപടികൾക്കു ശേഷം M/s അപ്പാരൽ മെഷീൻ ട്രേഡിങ് എന്ന കമ്പനി മുഖേന സ്ഥാപിച്ചതായും ടി മെഷീനുകൾ സ്ഥലപരിശോധന നടത്തിയ സമയം ശരിയായി കാണപ്പെട്ടിട്ടുള്ളതുമാണ്. ടി സ്ഥാപനത്തിന്റെ ജോയിന്റ് സെക്രട്ടറി ശ്രീമതി. സുമ എന്നവരെ നേരിൽ കണ്ട് ചോദിച്ചതിൽ ടി സ്ഥാപനം ആദ്യഘട്ടത്തിലെ യൂണിഫോം സ്റ്റിച്ച് ചെയ്തതും കോളനികളിലുള്ളവർക്ക് മാസ്ക് നിർമ്മാണവും നടത്തിയ ശേഷം തുടർപ്രവർത്തനങ്ങൾ നടത്തിയിട്ടില്ല എന്ന് അറിയിച്ചിട്ടുള്ളതുമാണ്. സ്ഥലപരിശോധന നടത്തിയ സമയം ടി സ്ഥാപനം തുടർപ്രവർത്തനം നിലച്ച നിലയിലും പ്രാവുകൾ കൂട് കൂട്ടിയ നിലയിലും ടി വിലയേറിയ തുന്നൽ മെഷീനുകൾ ഉപയോഗശൂന്യമായ നിലയിലും കാണപ്പെടുന്നു. മണ്ണാർക്കാട് തഹസിൽദാറുടെ ഉത്തരവ് നമ്പർ ഡി2-7223/2010 തിയ്യതി 22/08/2019 പ്രകാരം ടി സ്ഥാപനത്തിന്റെ സംരക്ഷണ ചുമതല പ്രൊജക്ട് ഓഫീസറിൽ നിക്ഷിപ്തമായിട്ടുള്ളതായും ടി സ്ഥാപനം സൊസൈറ്റിക്ക് കൈമാറിയതായോ സൊസൈറ്റി ഏറ്റെടുത്തതായോ രേഖകൾ ഫയലിൽ ലഭ്യമല്ല എന്നും കാണപ്പെടുന്നു.

Generated from eOffice by Jaseela J, E2_STDD, E2 STDD, DIRECTORATE OF SCHEDULED TRIBES DEVELOPMENT DEPARTMENT on 26/10/2026 11:56 AM

കണ്ടെത്തിയ ക്രമക്കേടുകൾ

1) ടി ട്രെയിനിങ് കാലയളവിൽ ഉടനീളം ട്രെയിനികളുടെ എണ്ണം പകുതിയോളം മാത്രമാണ് ഉണ്ടായിരിന്നത് എന്ന് ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ റിപ്പോർട്ട് ചെയ്തതായി കാണുന്നുണ്ട്. എന്നാൽ ട്രെയിനിങ് ഏജൻസിയുമായുള്ള കരാറിൽ ജനറൽ വിഭാഗത്തിൽ 4-മതായി പദ്ധതി ലക്ഷ്യമിട്ടതായ പരിശീലനാർത്ഥികളിൽ എണ്ണത്തിൽ കുറവുണ്ടായാൽ തതുല്യമായ തുക ട്രെയിനിങ് ഏജൻസി സർക്കാരിലേക്ക് റീഫണ്ട് ചെയ്യാൻ ബാധ്യസ്ഥതയുണ്ട് എന്നുള്ള വ്യവസ്ഥ പ്രകാരം ടി ഹാജരില്ലാത്ത പരിശീലനാർത്ഥികളുടെ തുക സർക്കാരിലേക്ക് തിരികെ അടവാക്കിയതായി കാണുന്നില്ല.
2) ട്രെയിനിങ്ങിൽ ഉടനീളം ട്രെയിനികൾക്ക് ട്രെയിനിങ് സെന്ററിലേക്ക് വന്നു പോകാൻ യാതൊരു ട്രാൻസ്പോർട്ടേഷനും നൽകിയിട്ടില്ല എന്നിരിക്കെയും ആയതിന് ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും ആയതനുസരിച്ച് ഗതാഗതസൗകര്യം ഏർപ്പാടാക്കാത്തത് സംബന്ധിച്ചും ട്രെയിനിങ് ഏജൻസി അനാസ്ഥകൾ കാണിക്കുന്നതും ചൂണ്ടികാണിച്ചും എന്നാൽ ടി ഏജൻസിക്ക് ഭരണാനുമതി പ്രകാരം അനുവദിച്ച തുക ഗഡുക്കളായി നൽകുന്നതിന് ശുപാർശ ചെയ്തും ഐ.ടി.ഡി.പി പ്രൊജക്ട് ഓഫീസർ ഡയറക്ടർക്ക് കത്ത് നൽകിയിട്ടുള്ളതായും ടി ശുപാർശ കത്ത് അനുസരിച്ച് ഡയറക്ടർ ട്രെയിനിങ് ഏജൻസിക്ക് ടി ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ അടക്കമുള്ള തുക മുഴുവനായും റീടെൻഷൻ തുകയും അടക്കം അനുവദിച്ചതായും ഫയൽ പരിശോധിച്ചതിൽ കാണുന്നുണ്ട്.
3) ജില്ലാ നിർമ്മിത കേന്ദ്രം ആദ്യഘട്ടപ്രവൃത്തിയിൽ കെട്ടിടത്തിന് അനുദിച്ച സ്ഥലത്തിൽ മണ്ണുനീക്കം ചെയ്ത് അടിത്തറ കെട്ടിയതായി കാണിച്ച് 26.03.2019 തിയ്യതി ഐ.ടി.ഡി.പി പ്രൊജക്ട് ഓഫീസർക്ക് പാർട്ട് ബിൽ സമർപ്പിച്ചതായും ആയതനുസരിച്ച് ഐ.ടി.ഡി.പി പ്രൊജക്ട് ഓഫീസർ ആദ്യഘട്ട തുക 25 ലക്ഷം രൂപ ജില്ലാ നിർമ്മിതിക്ക് 17.04.2019 തിയ്യതി അനുവദിച്ചു കൊടുത്തതായും കാണുന്നു. എന്നാൽ ആയതിന് അനുവദിച്ച സ്ഥലത്തിൽ ഇത്തരത്തിൽ അടിത്തറ കെട്ടിയിട്ടില്ല എന്നുള്ള കാര്യം പരിശോധനയിൽ അറിവായിട്ടുള്ളതുമാണ്.

Generated from eOffice by Jaseela J, E2_STDD, E2 STDD, DIRECTORATE OF SCHEDULED TRIBES DEVELOPMENT DEPARTMENT on 26/10/2026 11:56 AM

4) പരിശീലനം നടത്തിയ സമയം ടെയിനികൾക്ക് പരിശീലനത്തിനായി നൽകിയ തുണിത്തരങ്ങളുടെ കൃത്യമായ കണക്ക് ടെയിനിങ് ഏജൻസി സൂക്ഷിക്കാതെ കാണപ്പെട്ടത് ടൈബൽ എക്സ്ടെൻഷൻ ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കെ ടി തുക ഏജൻസിക്ക് അനുവദിച്ചു കൊടുത്തതായി കാണുന്നു.
5) താൽകാലികമായി സ്ഥാപിച്ച അപ്പാരൽ പാർക്ക് സ്ഥലപരിശോധന നടത്തിയ സമയം ടി സ്ഥാപനം തുടർപ്രവർത്തനം നിലച്ച നിലയിലും പ്രാവുകൾ കൂട് കൂട്ടിയ നിലയിലും ടി വിലയേറിയ തുന്നൽ മെഷീനുകൾ ഉപയോഗശൂന്യമായ നിലയിലും കാണപ്പെടുന്നു.

മിന്നൽ പരിശോധന 30.11.2023 തിയ്യതി വൈകിട്ട് 16.30 മണിക്ക് അവസാനിച്ചിട്ടുള്ളതാണ്.

അരുൺപ്രസാദ്.എസ്
ഇൻസ്പെക്ടർ ഓഫ് പോലീസ്
വി.എ.സി.ബി, പാലക്കാട്.

എം.ശശിധരൻ,
അസിസ്റ്റന്റ് എഞ്ചിനിയർ
PWD റോഡ്സ് സെക്ഷൻ,
കുമരംപുത്തൂർ, മണ്ണാർക്കാട്,
പാലക്കാട്

Generated from eOffice by Jaseela J, E2_STDD, E2 STDD, DIRECTORATE OF SCHEDULED TRIBES DEVELOPMENT DEPARTMENT on 26/10/2026 11:56 AM

CHEK REPORT OF ITEMS FOR MATTERS RELATING TO SECTION 17A OF THE PREVENTION OF CORRUPTION (AMENDMENT)ACT 2018.

S. NO	HEAD	YES/NO	FOLDER NO/PAGE No
1	Name, designation or office held by the public servant against whom the allegation of an offence under the Prevention of Corruption Act 1988 has been made. If the person has ceased to be a public servant, the post or office last held by such person may also be indicated.	K.Krishnaprakash, Former Project Officer, I.T.D.P, Attapadi, Palakkad PEN: 178953 D/B: 03/03/1969 (Presently working as Deputy Director of Education, Tribal Development Department, Thiruvananthapuranm)	
2	The post or office held by such public servant at the time of alleged commission of offence under the Prevention of Corruption Act. Please furnish the details of the Appropriate Government or Authority the public servant was serving at the relevant point of time	Project Officer, I.T.D.P, Attapadi, Palakkad	
3	(i)Whether the request is based on a complaint received ? Please enclose a copy thereof (ii) If yes, please enclose an authenticated translation thereof where the original complaint has been made in a vernacular language.	Based on the source report a surprise check in SC 115/2023/PKD had conducted at the Project Office, I.T.D.P, Attapadi, Palakkad and Apparel Park at Mini Civil Station, Attapadi, Palakkad	
4	Whether the complaint prima facie reveals deriving of an undue advantage by a public servant for self or any other person ? Please furnish details	The surprise check reveals that there are irregularities in the execution of sewing training conducted for 250 women of Schedule Tribe category at Attapadi and the implementation of Attapadi Tribal Apparel Park.	
5	Whether any information available in respect of the bribe giver? If so please furnish details.	No	
6	Mention clearly, the offences under specific provisions of the Preventive of Corruption Act 1988 as alleged against the person who is or have been a public servant.	The offences committed by the suspected officer can be ascertain only after conducting a preliminary	

Generated from eOffice by Jaseela J, E2_STDD, E2 STDD, DIRECTORATE OF SCHEDULED TRIBES DEVELOPMENT DEPARTMENT on 26/10/2026 11:56 AM

		enquiry into the allegations	
7	Please provide specific details of the recommendation made or decision taken by a public servant, which is relatable to the offence alleged against the public servant.	The surprise check reveals that irregularities occurred in the execution of sewing training conducted for 250 women of Schedule Tribe category at Attapadi and the implementation of Attapadi Tribal Apparel Park.	
8	In case any preliminary enquiry/inquiry was undertaken at any earlier stage, please enclose the findings thereof and it may also be confirmed as to whether prior approval was sought for such PE/inquiry	No	
9	Whether any criminal offences under the Indian Penal Code or offences under any other law also been alleged against the public servant? If so please furnish details thereof	No	
10	Any other information which is considered to be relevant for consideration of the approval	The surprise check reveals that irregularities occurred in the execution of sewing training conducted for 250 women of Schedule Tribe category at Attapadi and the implementation of Attapadi Tribal Apparel Park..	
11	Name, designation and contact details of person authorized by the Police Officer of Appropriate Rank to rectify inadequacies and deficiencies in the proposal seeking previous Approval, as pointed out by the Officer designated to receive the proposal by Appropriate Government or Authority.	Arunprasad.S Inspector of Police-II VACB, Palakkad	

Signature

Date 12/3/24

Name of Police officer authorized To seek prior approval (in Block letters) : C.M.Devadasan

Designation : Deputy superintendent of police VACB,Palakkad.

Telephone No : 9447582435.

Email ID : dysppkd.vacb@kerala.gov.in

Generated from eOffice by Jaseela J, E2_STDD, E2 STDD, DIRECTORATE OF SCHEDULED TRIBES DEVELOPMENT DEPARTMENT on 26/10/2026 11:56 AM